ചീരക്കുഴി ജലസേചന പദ്ധതിയുടെ പ്രവർത്തനം

* 246 [878] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീരക്കുഴി ജലസേചന പദ്ധതിയുടെ പ്രവർത്തനത്തിന്റെ പുരോഗതി എന്താണെന്നും എപ്പോൾ പൂർത്തിയാക്കുമെന്നും പറയുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ച് എത്ര വർഷം കഴിഞ്ഞുവെന്നും ഇതുവരെയ്ക്കും ആകെ ചിലവഴിച്ച സംഖ്യ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്ന് എത്ര ഇരട്ടി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അതിനുള്ള പ്രധാന കാരണം എന്താണെന്നും അന്വേഷിച്ചിട്ടുണ്ടോ;

(സി) ചീരക്കുഴി പദ്ധതിയുടെ പണി ഏതു വർഷത്തിൽ അവസാനിപ്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. ആർ. രാമുണ്ണിക്കുറുപ്പ്):

(എ) ചീപ്പിന്റേയും പ്രധാന തോടുകളുടേയും പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ പണികളും മുഴുമിപ്പിക്കാമെന്നു കരുതുന്നു.

(ബി) ഉണ്ട്. പദ്ധതി കുറെക്കൂടി വിപുലപ്പെടുത്തുകയും ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിലുണ്ടായ ചെലവു വർദ്ധനവും ഷെഡ്യൂൾ റേറ്റു വർദ്ധനവും മുഖേനയാണ് മൊത്തത്തിലുള്ള പദ്ധതി ച്ചെലവിൽ വർദ്ധനവുണ്ടായിട്ടുള്ളത്.

(സി) 1970-71-ൽ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കുഞ്ഞൻ: ചീരക്കുഴി റിസർവോയറിലേയ്ക്കു കൂടുതൽ പണം ചെലവാക്കുന്നുണ്ടെന്നു പറഞ്ഞു. ഇപ്പോഴുള്ള മംഗലം റിസർവോയറിന്റെ കണക്കുപ്രകാരം 400 ഏക്കർ മാത്രമേ ജലസേചനം നടത്താൻ സാധിക്കുകയുള്ളു എന്നും ഇപ്പോൾ എക്സ്റ്റെൻറു ചെയ്ത സ്ഥലത്തു വെള്ളം ലഭിക്കുകയില്ലെന്നും അറിയാമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ചീരക്കുഴി പദ്ധതി തലപ്പള്ളി പാലത്തിന്റെ അര മൈൽ മുകളിലാണ്. അതു അനുസരിച്ചു മുമ്പു നാലായിരം ഏക്കർ സ്ഥലത്തേക്ക് ആവശ്യമായ വെള്ളം റിസർവു ചെയ്യാം എന്നാണ് എസ്റ്റിമേറ്റുണ്ടാക്കിയത്. അത് അയ്യായിരം ഏക്കറായി പിന്നീടു വർദ്ധിപ്പിച്ചു. ഈ അയ്യായിരം ഏക്കർ സ്ഥലത്തേക്കു ആവശ്യമായ ഫലം ഉണ്ടാക്കുന്നതിനു എസ്റ്റിമേറ്റു പുതുക്കുകയുണ്ടായി.

ശ്രീ. കെ. കരുണാകരൻ: എസ്റ്റിമേറ്റു പുതുക്കിയപ്പോൾ വെള്ളം കിട്ടുവാൻ സാദ്ധ്യതയുണ്ടോ എന്നു പരിശോധിക്കുകയുണ്ടായോ? ഈ പദ്ധതി പൂർത്തിയാകുന്ന കാലയളവിൽ വെള്ളം കിട്ടാൻ സാധിക്കും എന്ന വിദഗ്ദ്ധമായ അഭിപ്രായം ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഉണ്ട്. കുരിയാർകുട്ടി പദ്ധതി പൂർത്തിയാകുന്നതോടുകൂടി പൂർണ്ണമായ പ്രവർത്തനം നടക്കും. ഈ പദ്ധതിയുടെ സെക്കൻറു സ്റ്റേജു പൂർത്തിയായാൽ നാലായിരത്തോളം സ്ഥലം ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങളായി മാറ്റാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

അതു പരിശോധനയിൽ ബോധ്യപ്പെട്ടതിനുശേഷമാണ് എസ്റ്റിമേറു പുതുക്കിയത്.

ശ്രീ. കെ. എ. ശിവരാമഭാരതി: കുരിയാർകുട്ടി പദ്ധതിയുടെ കാര്യത്തെപ്പറ്റി ഇതിനുമുമ്പു ഒരവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോഴും പറഞ്ഞു തമിഴ്നാടുമായിട്ടുള്ള കരാർ പൂർത്തിയാകാത്തതുകൊണ്ട് അതിനനുമതി കിട്ടിക്കഴിഞ്ഞിട്ടില്ലെന്ന്. ഇപ്പോഴും അതിനെ സംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ടു തീർന്നോ? എങ്കിൽ കുരിയാർകുട്ടി പദ്ധതിയുടെ പണി ഉടനെ ഉണ്ടാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ പദ്ധതിയിൽ തമിഴ്നാടുമായിട്ടുള്ള കരാർ പൂർത്തിയായിട്ടുണ്ട്. ഇപ്പോഴും കുരിയാർകുട്ടി പദ്ധതിയെ സംബന്ധിച്ചിടത്തോളം തമിഴ്നാട്ടിൽ നിന്നും ഉണ്ടായിക്കൊണ്ടിരുന്ന തടസ്സവാദങ്ങളും ഒന്നുംതന്നെയില്ല.

ശ്രീ. പി. എസ്. നമ്പൂതിരി: ചീരക്കുഴി പദ്ധതിയുടെ പണിക്ക് ഇപ്പോഴും ഇരട്ടി തുകയാണ് അനുവദിച്ചിരിക്കുന്നത്. എന്നിട്ടും അതിന്റെ പ്രവർത്തി ഇതുവരെയായിട്ടും തുടങ്ങിയിട്ടില്ല. ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ പല കാരണങ്ങളാലും അഴിമതി ഉണ്ടായിട്ടുണ്ടെന്നു സംശയിക്കപ്പെടാവുന്ന സാഹചര്യങ്ങളുണ്ടെന്നുള്ളതിനെപ്പറ്റി അറിയാമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ അഴിമതിയുണ്ടെന്ന് സംശയിക്കാനുള്ള ഒരു സാഹചര്യവുമില്ല. ആദ്യം 47.34 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. അതിപ്പോഴും 90.76 ലക്ഷം രൂപയാക്കി. ആദ്യത്തെ എസ്റ്റിമേറനുസരിച്ച് നാലായിരം ഏക്കർ സ്ഥലത്തേക്ക് ഗുണം നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോഴത് അയ്യായിരത്തി ഇരുന്നൂറ് ഏക്കറാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യം പതിനെട്ട് സെക്ഷനിൽ അവസാനിപ്പിക്കണമെന്നാണ് ഉദ്ദേശിച്ചത്. അതിപ്പോഴും 24 സെക്ഷനായി ഉയർത്തുന്നതിന് തീരുമാനിച്ചു. അങ്ങനെ വിപുലപ്പെടുത്തിയതിനാവശ്യമായ ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിന് ഇന്നു ഗവൺമെന്റു റേറും ഷെഡ്യൂൾ റേറും വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതുകൊണ്ടെല്ലാമാണ് പുതിയ എസ്റ്റിമേറ് ഉണ്ടാക്കേണ്ടി വന്നത്. എല്ലാകാര്യങ്ങളും പരിശോധിച്ചതിനുശേഷമാണ് ചീഫ് ഇൻജിനീയർ അതിന് അനുവാദം കൊടുത്തത്. ഇപ്പോഴംതന്നെ കുറെയധികം രൂപ ചെലവഴിച്ചു. ഇനി രണ്ടു ലക്ഷത്തോളം രൂപ ചെലവാക്കാൻ സമ്മതിച്ചിട്ടുണ്ട്. ഇക്കൊല്ലത്തെ ബഡ്ജറിൽ അതിന് ഒരു ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ബാക്കിയുള്ളത് അടുത്ത കൊല്ലത്തെ ബഡ്ജറിൽ വകയിരുത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. എം. അബൂബേക്കർ: ഇതിൽ തമിഴ്നാടുമായിട്ട് ചെയ്തിട്ടുള്ള എഗ്രിമെന്റിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണ്:

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അത് പരിശോധിച്ചു മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. എന്തായാലും കേരളത്തിന്റെ അവകാശം പരിപൂർണ്ണമായി പരിഗണിച്ചിട്ടുണ്ടെന്നാണ് കേരളീയരുടേയും തമിഴ്നാട്ടിലുള്ളവരുടേയും അഭിപ്രായം.

ശ്രീ. ബി. മാധവൻ നായർ: ഇപ്പോഴത്തെ എസ്റ്റിമേറനുസരിച്ച് അയ്യായിരത്തി ഇരുന്നൂറു ഏക്കർ സ്ഥലത്തേക്ക് ഗുണം കിട്ടുമെന്നു പറഞ്ഞു. അത് പുതിയതായിട്ടുള്ള നിലങ്ങളാണോ അതോ നിലവിലുള്ളവതന്നെയായിരുന്നുവോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: നിലവിലുള്ളവ തന്നെയാണ്.

ശ്രീ. എൻ. കെ. ശേഷൻ: കൃഷിക്ക് പ്രയോജനകരമായ അനേകം പദ്ധതികളുണ്ട്. പക്ഷെ അവയെല്ലാം തന്നെ എക്കണോമിക് ലിമിറ്റു കർശനമായതുകൊണ്ട് കൃഷിക്കാർക്ക് ഉപയോഗപ്രദമായിട്ടുള്ള പല പദ്ധതികളും നടപ്പിലാക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് എക്കണോമിക് ലിമിറ്റിൽ ഇപ്പോഴുള്ള കർക്കശത ഒഴിവാക്കി പുതിയ പദ്ധതികളും ഏറ്റെടുക്കാനുള്ള സമീപനം തുടങ്ങുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതെല്ലാം തന്നെ പരിതഃസ്ഥിതിയെ ആശ്രയിച്ചു നിൽക്കുകയാണ്. ഈ പദ്ധതിയിൽതന്നെ ഏക്കറേജിന് അഞ്ഞൂറ് എന്ന് വെച്ചിരുന്നത് ഇപ്പോൾ 750 ആക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത്തരം നിവേദനങ്ങളും ബഹുമാനപ്പെട്ട നിയമസഭാ സാമാജികൻമാരിൽനിന്നും ഉണ്ടായതിന്റെ ഫലമായി ഇപ്പോൾ അത് ആയിരം രൂപ ആക്കി വർദ്ധിപ്പിച്ചും കുറച്ചുകൂടി മുന്നോട്ടു പോയി നടപ്പിലാക്കാൻ സാധിക്കുമെന്നുള്ള പ്രത്യേക സെക്ഷൻ ഏറ്റെടുക്കാൻ ഗവൺമെൻറു തയ്യാറാണ്. ആവശ്യവും അടിയന്തിരാവസ്ഥയും പിന്നോക്ക നിലയുമെല്ലാം കണക്കിലെടുത്തുകൊണ്ട് പ്രത്യേക സെക്ഷനുകളും എടുക്കാൻ മൊത്തത്തിൽ സാധിക്കുമോയെന്ന് ആലോചിക്കാം. റേറു കൂടിയതുകൊണ്ടാണ് ഏക്കറേജിന് എക്കണോമിക് ലിമിറ്റു വർദ്ധിപ്പിച്ചത്.

ശ്രീ. കെ. എ. ശിവരാമഭാരതി: കുരിയാർകുട്ടി പദ്ധതിയെപ്പറ്റി തമിഴ്നാടുമായിട്ടുള്ള കരാറിൽ ഒപ്പുവെച്ചുവെന്നു പറഞ്ഞു. ഇനി ആ പദ്ധതിയുടെ പണി എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: കഴിയുന്നതും വേഗം അതിന്റെ പണി തുടങ്ങുന്നതിനുള്ള നടപടികളും എടുക്കണമെന്നാണ് ഗവൺമെൻറു ആഗ്രഹിക്കുന്നത്. പക്ഷെ പണി തുടങ്ങുന്നതിന് ഫണ്ടിന്റെ കാര്യം ഇൻഡ്യാ ഗവൺമെൻറിന്റെ അനുവാദം ഇതെല്ലാം കിട്ടേണ്ടതുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: മേജർ ഇറിഗേഷൻ പദ്ധതികളും യൂട്ടിലിറ്റിയിൽ കൊണ്ടുവരുന്നതിനാവശ്യമായ പണമില്ലെന്ന് പറയുകയുണ്ടായി. യൂട്ടിലിറ്റിയിൽ കൊണ്ടുവരുന്നതിന് മേജർ ഇറിഗേഷൻ പദ്ധതികളുടെ പണികളും തുടങ്ങുന്നതിനാവശ്യമായ പണം കേന്ദ്രത്തിൽനിന്ന് ലോണായിട്ടോ ഗ്രാൻറായിട്ടോ കിട്ടുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ? അതിന് കേന്ദ്രത്തിൽനിന്നും എന്തെങ്കിലും മറുപടി കിട്ടിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ പണമെങ്കിലും പ്രത്യേകമായി കിട്ടുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സംസ്ഥാനലെവലിലും കേന്ദ്ര ലെവലിലും പദ്ധതികളുടെ പണി മുന്നോട്ടു കൊണ്ടുപോകുന്നതിനും ഫണ്ടിന്റെ പരിമിതി അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടികളെടുത്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന് വേണ്ടി നീക്കിവെച്ചിട്ടുള്ള ഒരു കോടി രൂപയെങ്കിലും തരണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നിവേദനം കേന്ദ്രഗവൺമെൻറിന്റെ അടുക്കൽ നടത്തിയിട്ടുണ്ട്. നമ്മുടെ പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ചാൽ ഉണ്ടാകുന്ന മെച്ചത്തെപ്പറ്റിയും അവ വളരെ വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്ന സാഹചര്യത്തെപ്പറ്റിയുമുള്ള വിവരങ്ങളും കേന്ദ്രഗവൺമെൻറു മുമ്പാകെ വെച്ചിട്ടുണ്ട്. ഇതിന് ന്യായമായ സംഖ്യ കേന്ദ്രഗവൺമെൻറു തരുമെന്ന് പ്രതീക്ഷയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിനുത്തരമായി പദ്ധതികളുടെ ഒറിജിനൽ എസ്റ്റിമേറ്റിൽനിന്നും പല പ്പോഴും റിവൈസ് ചെയ്യേണ്ടതായി വന്നുവെന്ന് പറയുകയുണ്ടായി. ഉദാഹരണത്തിന് കല്ലടറിവർവാലി സ്കീമിന്റെ പ്രവർത്തനം ഇപ്പോഴും ആരംഭിച്ചിട്ടില്ലെങ്കിലും അതിന്റെ എസ്റ്റിമേറ്റു റിവൈസ് ചെയ്യേണ്ടി വന്നിരിക്കുകയാണ്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോഴും വളരെ കൂടുതൽ തുക ചെലവാക്കേണ്ടിവരും. ഈ ഭാരിച്ച ചെലവ് ഒറിജിനൽ എസ്റ്റിമേറ്റിന്റെ കാര്യത്തിൽ തന്നെ ഉണ്ടാകത്തക്കവണ്ണം മേജർ ഇറിഗേഷൻ സ്കീമിന്റെ അലോക്കേഷനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ അടുക്കൽ നിവേദനം നടത്തിയിട്ടുണ്ടോ? കേന്ദ്രഗവൺമെന്റും പ്ലാനിംഗ് കമ്മീഷനും ഇക്കാര്യത്തിൽ എന്തെങ്കിലും അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതെല്ലാംതന്നെ സാമ്പത്തികശേഷിയെ ആശ്രയിച്ചു നിൽക്കുകയാണ്. ഒരു പദ്ധതിക്ക് അലോട്ടു ചെയ്യുന്ന സംഖ്യ മുഴുവൻ പീസ് പീസായിട്ടു കൊടുക്കാൻ സാധിച്ചെന്നു വരികയില്ല, പ്രവൃത്തി തീർന്നാലുടൻ സംഖ്യ മൊത്തത്തിൽ ഒന്നായിട്ടു കൊടുക്കണം. പദ്ധതി പ്രവൃത്തിയിൽവരുന്ന കാലഘട്ടത്തിൽ പുതിയ റേറ്റനുസരിച്ച് ടെണ്ടർ റിവൈസ് ചെയ്തുകൊടുക്കാതിരിക്കാൻ നിവൃത്തിയില്ല. കേന്ദ്രഗവൺമെന്റിന്റെ അടുക്കൽ നടത്തിയ നിവേദനം മിക്കവാറും ഫലപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, അടുത്ത ചോദ്യം ഇവിടെ ചോദിക്കാതിരിക്കാൻവേണ്ടിയല്ലേ ഇങ്ങനെ ഈ ചോദ്യത്തിനു ഇത്രയധികം ഉപചോദ്യങ്ങൾ ചോദിക്കുന്നതും, സമയം കളയുന്നതും.....

(ഈ സമയം പ്രതിപക്ഷത്തുള്ള മെമ്പറൻമാരും ശ്രീ. ബേബിജോൺ ശ്രീ. ടി. എ. മജീദ്, ശ്രീ. എൻ. കെ. ശേഷൻ, ശ്രീ. ഇ. അഹമ്മദ്, ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ മുതലായ മെമ്പറൻമാരും എഴുന്നേറ്റുനിന്ന് എന്തോ വിളിച്ചു പറയുകയും ശ്രീ. ഗോവിന്ദപ്പിള്ള പറഞ്ഞത് പിൻവലിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു കൊണ്ടിരുന്നു.)

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഗോവിന്ദപ്പിള്ള പറഞ്ഞത് ശരിയായില്ല. അദ്ദേഹം അത് പിൻവലിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഞാൽ പറഞ്ഞതു പിൻവലിച്ചുകൊള്ളുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: ഇലക്ട്രിസിറ്റി ബോർഡും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും തമ്മിൽ ഈ രാജ്യത്ത് യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും പല പദ്ധതികളുടേയും പ്രവർത്തനം തക്കസമയത്ത് പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നത് ഇലക്ട്രിസിറ്റി ബോർഡിന്റെ അവഗണനകൊണ്ടാണെന്നുള്ള ഒരു സ്ഥിതി ഇവിടെ ഉണ്ടാകുന്നതായിട്ടറിയാമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതുവരെ ഒരു കുഴപ്പവും ഇലക്ട്രിസിറ്റി ബോർഡും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും തമ്മിലുള്ള പ്രവർത്തനത്തിലുണ്ടായിട്ടില്ല. മുമ്പു ഇവിടത്തെ ഇറിഗേഷൻ മന്ത്രിയായിരുന്ന ശ്രീ. കൃഷ്ണയ്യരുടെ ഒരു നിർദ്ദേശം കിട്ടുകയുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം മുന്നോട്ടു

കൊണ്ടുപോകുന്നതിന് കനാലിന്റെ പ്രവർത്തി തുടങ്ങണമെന്നുള്ള ഒരു നിർദ്ദേശം ഇൻജിനീയർമാർക്ക് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് യാതൊരു കുഴപ്പവും ഇവിടെ ഉണ്ടായിട്ടില്ല.

(ii) WRITTEN ANSWERS

സഹകരണ സർക്കിളും യൂണിയനുകളും

* 247 [891] ശ്രീ. പി. എൻ. ചന്ദ്രസേനൻ ;
ശ്രീ. ജി. ഗോപിനാഥപിള്ള : } താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1969-ലെ പുതിയ സഹകരണ ആക്റ്റും റൂൾസും പ്രകാരം സർക്കിളും യൂണിയനുകളിലേക്കുള്ള തിരഞ്ഞെടുപ്പുകളും എല്ലാം പൂർത്തിയായോ ;

(ബി) ഈ യൂണിയനുകൾക്ക് മുമ്പുണ്ടായിരുന്ന യൂണിയനുകളെക്കാൾ കൂടുതലായി എന്തെല്ലാം അധികാരങ്ങളും പ്രവർത്തനങ്ങളുമാണ് നൽകിയിട്ടുള്ളത് ;

(സി) മുമ്പുണ്ടായിരുന്ന സ്റ്റേറ്റ് യൂണിയനേറയും താലൂക്കു യൂണിയനുകളുടെയും ആസ്തിബാധ്യതകൾ ഇപ്പോഴത്തെ പുതിയ സ്റ്റേറ്റ്യൂണിയനു നൽകുന്നതിനുള്ള നിയമപരമായ നടപടികൾ പൂർത്തിയായോ ;

(ഡി) പുതിയ യൂണിയനുകളുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കും ;

(ഇ) ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വ്യാവസായികസഹകരണ സംഘങ്ങൾ സഹകരിക്കാതിരുന്നിട്ടുണ്ടോ ;

(എഫ്) വ്യാവസായികസഹകരണസംഘങ്ങളിൽ നിന്നും സഹകരണ റൂൾസ് പബ്ലിഷ് ചെയ്യുന്നതിനുമുമ്പ് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എന്ത് ?

ജലസേചനവും സഹകരണവും മന്ത്രി, (ശ്രീ. പി. രാമുണ്ണികുറുപ്പ്):

(എ) പൂർത്തിയായി.

(ബി) ഈ യൂണിയനുകൾക്ക് സഹകരണ റൂൾസ് 141-ാം റൂൾ പ്രകാരമുള്ള അധികാരങ്ങളും പ്രവർത്തനങ്ങളും ആണുള്ളത്. വിശദവിവരം ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) പുതിയ യൂണിയനുകൾ സ്ഥാപിച്ചുകൊണ്ടുള്ള ഗവർമെൻറ് നോട്ടിഫിക്കേഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

(ജി) വിവരങ്ങൾ മേശപ്പുറത്തു വച്ചിട്ടുണ്ട്. †

† Appendix I

LIBRARY ARCHIVES Kerala Legislative Assembly